LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി വസ്ത്രങ്ങൾ ആകർഷകമാക്കുവാൻ പദ്ധതി

*4 [592] *പ്രൊഫ. കെ. വി. തോമസ്:*
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, ബി. വിജയകുമാർ:
,, എ. സുജനപാൽ:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി വസ്ത്രങ്ങൾക്ക് മെച്ചപ്പെട്ട ഡിസൈൻ നൽകി അവ ആകർഷകമാക്കുവാൻ എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് മെച്ചപ്പെട്ട കൈത്തറിത്തുണികളുണ്ടാക്കി അവ കയറ്റുമതി ചെയ്യുന്ന എത്ര സ്ഥാപനങ്ങളുണ്ട്;

(സി) അവയ്ക്ക് മെച്ചപ്പെട്ട ആദായം ലഭിക്കുവാൻ എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):*

(എ) ഉണ്ട്. ദീൻദയാൽ കൈത്തറി വികസന പദ്ധതി പ്രകാരം 295 യൂണിറ്റുകളിൽ പുതിയ വസ്ത്രങ്ങൾക്ക് രൂപകൽപ്പന നൽകാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, കണ്ണൂരിലെ റീവേഴ്സ് സർവ്വീസ് സെന്റർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി, സേലം തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. കൂടാതെ മാറി വരുന്ന അഭിരുചിക്കനുസൃതമായി പുതിയ ഡിസൈനുകൾക്ക് രൂപം നൽകി തൊഴിലാളികൾക്ക് ലഭ്യമാക്കാൻ ബാലരാമപുരത്ത് ഒരു പ്രോജക്ട് ഡവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ 5 കൈത്തറി സഹകരണ സംഘങ്ങളിൽ ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം പ്രയോജനപ്പെടുത്തി മെച്ചപ്പെട്ട ഡിസൈനുകളിൽ കയറ്റുമതി സാദ്ധ്യതയുള്ള വസ്ത്രങ്ങൾ ഉൽപ്പാദിപ്പിച്ചു വരുന്നു.

(ബി) സംസ്ഥാനത്ത് സഹകരണ മേഖലയിൽ ഹാന്റക്സ് ഉൾപ്പെടെ 4 സംഘങ്ങൾ കയറ്റുമതി ലക്ഷ്യമാക്കി മെച്ചപ്പെട്ട കൈത്തറി ഉൽപ്പന്നങ്ങളുണ്ടാക്കി കയറ്റുമതി ചെയ്യുന്നുണ്ട്. സ്വകാര്യ കയറ്റുമതിക്കാർക്കായി 50 സംഘങ്ങൾ കയറ്റുമതി ലക്ഷ്യമാക്കിയുള്ള കൈത്തറി വസ്ത്രങ്ങൾ ഉൽപ്പാദിപ്പിച്ചു നൽകുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ 31 യൂണിറ്റുകളിൽ കയറ്റുമതി ലക്ഷ്യമാക്കിയുള്ള വസ്ത്രങ്ങൾ ഉൽപ്പാദിപ്പിച്ചു വരുന്നുണ്ട്.

(സി) സഹകരണ മേഖലയിൽ നേരിട്ടു കയറ്റുമതി ചെയ്യുന്ന യൂണിറ്റുകൾക്ക് 20 ശതമാനം മാർക്കറ്റിംഗ് ഇൻസെന്റീവ് അനുവദിച്ചു വരുന്നു.